# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.309 — 25.04.2017 ൽ മറുപടിയ്ക്ക്

### ഇതര സംസ്ഥാന തൊഴിലാളികളുടെ കുഞ്ഞുങ്ങൾക്ക് ഡേ കെയർ സംവിധാനം ഏർപ്പെടുത്തുന്നത്

**ചോദ്യം**

ശ്രീ രാജു എബ്രഹാം
ശ്രീ പി.ടി.എ. റഹീം
ശ്രീ. എം. സ്വരാജ്
ശ്രീ. കെ.വി.വിജയദാസ് :

**ഉത്തരം**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**
(ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി

(എ) സംസ്ഥാനത്തെ നിർമ്മാണ മേഖലകളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം ഏറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇവരുടെ കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(എ) സംസ്ഥാനത്ത് നിർമ്മാണ മേഖലകളിൽ ഏർപ്പെടുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ ബാഹുല്യം ഏറിക്കൊണ്ടിരിക്കുന്നു. ടി വിഷയവുമായി ബന്ധപ്പെട്ട് ഇവരുടെ കുട്ടികളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി അങ്കണവാടികൾ മുഖേനയുള്ള സേവനങ്ങൾ സ്വീകരിച്ചിട്ടുണ്ട്

(ബി) രക്ഷിതാക്കൾ രണ്ടുപേരും ജോലികളിൽ ഏർപ്പെടുന്നതിനാൽ പണി സ്ഥലത്ത് കൊണ്ടുവരുന്ന കുട്ടികളെ സംരക്ഷിക്കാൻ ഇവർക്ക് സാധിക്കാതെ വരുന്ന സാഹചര്യത്തിൽ ഈ മേഖലകളിൽ ഡേ കെയർ സംവിധാനം ഉൾപ്പടെ ലഭ്യമാകുന്ന തരത്തിൽ ശിശു സംരക്ഷണ ശാലകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ :

(ബി) ടി വിഷയം സംബന്ധിച്ച് തൊഴിലെടുക്കുന്ന രക്ഷിതാക്കൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രക്ഷിതാക്കൾ രണ്ടുപേരും തൊഴിലിടങ്ങളിൽ പോകുമ്പോൾ കുട്ടികളുടെ സംരക്ഷണത്തിനായി ഡേ കെയർ സംവിധാനമൊരുക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(സി) ഇത്തരം കുട്ടികൾക്ക് സമീപ പ്രദേശത്തുള്ള അംഗൻവാടികളിൽ പ്രവേശനം നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കുമോ ?

(സി) ഇത്തരം കുട്ടികൾക്ക് സമീപത്തെ അംഗൻവാടികളിൽ പ്രവേശനം നൽകുന്നതിന് സാമൂഹ്യനീതി ഡയറക്ടർ ഒരു സർക്കുലർ നൽകിയിട്ടുണ്ട്. അംഗനവാടികളിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് മറ്റു ഗുണഭോക്താക്കൾക്ക് ലഭിക്കുന്ന എല്ലാ സേവനങ്ങളും ഇവർക്കും ലഭ്യമാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ